# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1626.

04-12-2018 ൽ മറുപടിയ്ക്ക്

## കാർഷികമേഖലയുടെ പുനരുജ്ജീവനം

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | പ്രളയാനന്തര കേരളത്തിലെ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി കേന്ദ്രസർക്കാരിന്റെ പ്രത്യേക സഹായങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | | 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 236649.5 ഹെക്ടർ സ്ഥലത്തെ കൃഷിഭൂമി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.<br>കാർഷിക മേഖലയെ പുനഃരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്ര സർക്കാർ ഈയിനത്തിൽ 93.39 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പദ്ധതിയ്ക്ക് അനുമതി നൽകുകയും ആയതിന്റെ 60% കേന്ദ്ര വിഹിതമായ 56.037 കോടി രൂപ അനുവദിക്കുകയും ചെയ്തു. പദ്ധതിയുടെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഇനം | അംഗീകരിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ഹോർട്ടിക്കൾച്ചർ വിളകളുടെ വിസ്തൃതി വ്യാപനം | 9334.70 |
| 2 | പോളിനേഷൻ സപ്പോർട്ട് (തേനീച്ച കൂടുകൾ സ്ഥാപിക്കൽ) -1000 എണ്ണം | 4.80 |
| **ആകെ** | | **9339.50** |

ഇപ്രകാരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ "സ്പെഷ്യൽ പാക്കേജ് 2018-19"-ൽ ഉൾപ്പെടുത്തി 41495 ഹെക്ടറിൽ വാഴ, കൈതച്ചക്ക, ടിഷ്യു കൾച്ചർ വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ജാതി, സങ്കരയിനം പച്ചക്കറി, കശുമാവ്, കൊക്കോ, സുഗന്ധതൈല വിളകൾ എന്നിവയുടെ വിള വിസ്തൃതി വ്യാപനത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ